بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 10.04.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*10.04.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**എപ്പോഴും അല്ലാഹുവിനോടുള്ള ഭയം മുമ്പിലുണ്ടായിരിക്കേണ്ടതാണ്. അവന്റെ റഹീമിയ്യത്ത് കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അവന്റെ അനുഗ്രഹങ്ങൾ തേടിക്കൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള യഥാർഥ ബന്ധം ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. അല്പമാത്രമായ പരിശ്രമങ്ങളിലോ ഒന്നോ അരയോ ദുആ സ്വീകരിക്കപ്പെട്ടതിലോ സത്യമായ സ്വപ്നങ്ങൾ കണ്ടതിലോ അഹങ്കരിക്കരുത്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് സൂറ മുഅ്മിനൂനിലെ രണ്ടും മൂന്നും വചനങ്ങൾ തിലാവത്ത് ചെയ്തുകൊണ്ടാണ് ഖുത്ബ ആരംഭിച്ചത്. **ഖദ്അഫ്‌ലഹൽ മുഅ്മിനൂൻ-അല്ലദീനഹും ഫീ സ്വലാത്തിഹിം ഖാശിഊൻ** തീർച്ചയായും മുഅ്മിൻ അഥവാ സത്യവിശ്വാസി വിജയം പ്രാപിച്ചിരിക്കുന്നു. അവർ തങ്ങളുടെ നമസ്കാരത്തിൽ വിനയം കൈക്കൊള്ളുന്നവരാണ്. ഈ രണ്ടു വചനങ്ങളിൽ ആദ്യത്തെ വചനത്തിൽ അല്ലാഹു **ഖദ്അഫ്‌ലഹൽ മുഅ്മിനൂൻ** എന്ന് പറഞ്ഞുകൊണ്ട് സത്യവിശ്വാസികളുടെ വിജയത്തെ കുറിച്ച് സുദൃഢമായ സന്തോഷ വാർത്ത നല്കിയിരിക്കുന്നു. അതായത് എങ്ങനെയുള്ള മുഅ്മിനാണ്? അടുത്ത വചനങ്ങളിൽ ഒരുപാട് നിബന്ധനകൾ പറഞ്ഞിരിക്കുന്നു. ഈ നിബന്ധനയോടുകൂടി ജീവിക്കുന്ന മുഅ്മിൻതന്നെയാണ് വിജയം പ്രാപിക്കുന്നത്. ഈ നിബന്ധനകളിൽ അല്ലെങ്കിൽ മുഅ്മിൻ വിഭൂഷിതനാകേണ്ട ഈ സവിശേഷ ഗുണങ്ങളിൽ ആദ്യത്തെ പ്രത്യേകത അല്ലെങ്കിൽ അവസ്ഥ അവൻ **ഫീ സ്വലാത്തിഹിം ഖാശിഊൻ** തന്റെ നമസ്കാരങ്ങളിൽ വിനയം കാണിക്കുന്നവനാണ് എന്നതാകുന്നു. **ഖാശിഅ്** എന്നതിന്റെ പൊതുവായ അർഥം നമസ്കാരത്തിൽ വിലപിക്കുന്നവൻ എന്നാണ്. എന്നാൽ, ഇതിന് മറ്റർഥങ്ങളുമുണ്ട്. എല്ലാ അർഥങ്ങളും പൂർത്തിയാകാത്തിടത്തോളം ഒരു മുഅ്മിന്റെ യഥാർഥ നിലവാരാവസ്ഥ ഉണ്ടാകുകയില്ല. നിഘണ്ടുക്കളുടെ അടിസ്ഥാനത്തിൽ **ഖാശിഉൻ** എന്നതിന്റെ അർഥം അങ്ങേയറ്റം വിനയം കൈക്കൊള്ളുക, തന്നെ സ്വയം വളരെ താഴ്മയിലാക്കുക, ശരീരേച്ഛകളെ ഉന്മൂലനം ചെയ്യുക, എളിമ കൈക്കൊള്ളുക, തന്നെ സ്വയം കുറഞ്ഞവനാക്കുന്നതിനുവേണ്ടി ശ്രമിക്കുക, ദൃഷ്ടി കീഴ്പ്പോട്ടാക്കുക, ശബ്ദംതാഴ്ത്തി സംസാരിക്കുക എന്നൊക്കെയാണ്.

ഈ ഒരൊറ്റ വാക്കിൽ ഒരു യഥാർഥ മുഅ്മിന്റെ നമസ്കാരത്തിന്റേയും ആരാധനയുടേയും എത്രമാത്രം വിശാലമായ ചിത്രമാണ് കോറിയിട്ടിട്ടുള്ളതെന്ന് നോക്കുക. ഏതൊരു മനുഷ്യനാണോ അല്ലാഹുവിന്റെ മുമ്പിൽ തന്റെ ആരാധനയുടെ നിലവാരം ഈ രീതിയിലാക്കാൻ ശ്രമിക്കുന്നത്, തന്റെ വിനയം അതിന്റെ പാരമ്യതയിലെത്തിക്കുന്നവനാകുന്നത്, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി തന്റെ ആത്മാവിനെ ഉന്മൂലനം ചെയ്യുന്നവനാകുന്നത്, വിവരിക്കപ്പെട്ടിട്ടുള്ള മറ്റു പ്രത്യേകതകളും സ്വായത്തമാക്കുന്നവനാകുന്നത് അവൻ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുകയും താൻ അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതോടൊപ്പം അല്ലാഹുവിന്റെ കല്പനയനുസരിച്ച് സൃഷ്ടികളോടുള്ള കടമയും നിറവേറ്റേണ്ടവനാണെന്ന കാര്യത്തിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുന്നവനായിരിക്കും. പിന്നീട് ഈ നമസ്കാരങ്ങൾ അവന്റെ ഭൗതികമായ കാര്യങ്ങളും പരിഹരിക്കപ്പെടുന്നതിന് നിമിത്തമായിത്തീരുന്നതാണ്. അവൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ

**ബദ്ത്തർ ബനോ ഹർഏക്സെ അപ്നെ ഖയാൽമെ**
**ശായിദ് കെഃ ഇസ്സെ ദഖൽഹൊ ദാറുൽ വിസ്വാൽമെ**

എന്ന നിർദേശത്തിന്റെ ചിത്രമായിത്തീരാൻ ശ്രമിക്കുന്നതായിരിക്കും. ഈ ചിത്രമാകാൻ ശ്രമിച്ചുകൊണ്ട്, തന്റെ സ്വാർഥതയുടേയും ആത്മാവിന്റെ വലുപ്പത്തരത്തിന്റേയും പിടിയിൽനിന്ന് സ്വതന്ത്രനാകാൻ ശ്രമിച്ചുകൊണ്ട് തന്റെ ഭൗതികമായ കാര്യങ്ങളും പരിഹരിക്കുകയോ പരിഹരിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതായിരിക്കും. തന്റെ ദൃഷ്ടികളെ ലജ്ജ കാരണത്താൽ കീഴ്പ്പോട്ടാക്കിക്കൊണ്ട് നമസ്കാരത്തിന്റെ സ്ഥിതിയിൽമാത്രമല്ല പ്രത്യുത സാധാരണ നിത്യജീവിതത്തിലും അതനുസരിച്ച് പ്രവർത്തിച്ച് സമൂഹത്തിലെ നിരവധി തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതാണ്, രക്ഷപ്പെടാൻ ശ്രമിക്കുന്നതാണ്. തന്റെ ശബ്ദം താഴ്ത്തി സംസാരിക്കുന്നവൻ ഇബാദത്തുകളുമായി ബന്ധപ്പെട്ട് അതിന്റെ ഗ്രാഹ്യം കരസ്ഥമാക്കുന്നതോടൊപ്പം തന്റെ നിത്യജീവിതത്തിലെ മാമൂലുകളിലും ഒച്ചയുംബഹളവും ഉണ്ടാക്കുന്നതിൽനിന്നും അടിപിടകളിൽനിന്നും രക്ഷപ്പെട്ട് സുരക്ഷിതനാകുന്നതാണ്. അല്ലെങ്കിൽ സുരക്ഷിതനാകാൻ ശ്രമിക്കുന്നതാണ്. അതുകൊണ്ട് നിത്യജീവിതത്തിലെ മാമൂലുകളുമായി ബന്ധപ്പെട്ട പല രീതിയിലുള്ള തിന്മകളും ഒരു മുഅ്മിൻ തന്റെ നമസ്കാരങ്ങളും ആരാധനാകർമങ്ങളും കാരണത്താൽ അവസാനിപ്പിക്കുന്നു.

അതിനാൽ അത്തരം നമസ്കാരങ്ങളും തങ്ങളുടെമേൽ അത്തരം സ്വാധീനശക്തി നിലനിറുത്തുന്നവരും വിജയം പ്രാപിച്ചിരിക്കുന്നുവെന്നാണ് അല്ലാഹു പറയുന്നത്. ഞാൻ ആയത്തിന്റെ തർജമ ചെയ്തിരിക്കുന്നതുപോലെ ഒരു തർജമ

'വിജയം പ്രാപിച്ചിരിക്കുന്നു' എന്നും ചെയ്യപ്പെട്ടിട്ടുണ്ട്. പക്ഷേ, ആ വിജയത്തിന് വളരെ വ്യാപ്തിയുണ്ട്. അതായത് എങ്ങനെയാണ് വിജയം കരസ്ഥമാക്കിയത്? നിഘണ്ടുവിൽ അതിന്റെ അർഥം എളുപ്പമുണ്ടാകുക, ഐശ്വര്യമുണ്ടാകുക, സൗഭാഗ്യം ലഭിക്കുക, ആഗ്രഹം പൂർത്തിയാകുക, സംരക്ഷണം ലഭിക്കുക, നന്മയും സന്തോഷവും സ്ഥിരമായി നില്ക്കുക, ജീവിതത്തിന്റെ നിഅ്മത്തുകൾ ലഭിക്കുക എന്നൊക്കെയാണ്.

അതിനാൽ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി നന്മകൾ ചെയ്യുന്നവർ ഏതേതെല്ലാം രീതിയിലാണ് ഫലമെടുക്കുന്നത്. അല്ലെങ്കിൽ അല്ലാഹു ഏതേതെല്ലാം രീതീയിലാണ് അവരുടെമേൽ അനുഗ്രഹം ചൊരിയുന്നത്. ഇക്കാര്യങ്ങളെല്ലാം മനുഷ്യ സങ്കല്പങ്ങൾക്കതീതമാണ്. ആ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനുവേണ്ടി ഒരു മുഅ്മിനെ സംബന്ധിച്ചിടത്തോളം ആദ്യത്തെ സ്റ്റെപ്പെന്ന നിലയിൽ അല്ലാഹുവെച്ചിട്ടുള്ളത് നമസ്കാരങ്ങളിൽ വിനയമുണ്ടാക്കുക എന്നതാണ്. അക്കാര്യങ്ങൾ കരസ്ഥമാക്കുന്നതിനായി ആരാധന വെച്ചിരിക്കുന്നു. വിനയം ചില ലൗകികരും ചില ഘട്ടത്തിൽ കാണിക്കാറുണ്ട്. എന്നല്ല വെറും വിലപിക്കുക എന്നത് മാത്രമാണെങ്കിൽ ചില ലൗകികർ നിസ്സാര കാര്യങ്ങളിൽപ്പോലും മനുഷ്യൻ അത്ഭുതപ്പെടും വിധം വിലപിക്കാറുണ്ട്. അവരുടെ ലൗകികമായ നേട്ടത്തെ ബാധിക്കുന്നിടങ്ങളിലാണ് അതുണ്ടാകുന്നത്. അപ്പോൾ അതിനുവേണ്ടി നിന്ദ്യനാകാൻ പോലും അവർ തയ്യാറാകുന്നു. അല്ലെങ്കിൽ താൽക്കാലികമായ നിലയിൽ വികാരങ്ങളുടെ പ്രകടനവും ചിലരിൽനിന്നുണ്ടാകാറുണ്ട്. ചില അവസ്ഥകൾ കാണുമ്പോൾ, ചിലയാളുകളുടെ അവസ്ഥകൾ കാണുമ്പോൾ അവരോട് കരുണയും ഉണ്ടാകാറുണ്ട്. വലിയവേദനാജനകമായ അവസ്ഥ കണ്ടിട്ട് അവരിൽ അങ്ങേയറ്റം വികാരപരമായ അവസ്ഥ ഉണ്ടാകുന്നു. പക്ഷേ, ഇതെല്ലാം ഒന്നുകിൽ അവരുടെ നേട്ടത്തിനുവേണ്ടിയായിരിക്കും. അല്ലെങ്കിൽ ലോകത്തെ കാണിക്കുന്നതിനുവേണ്ടിയായിരിക്കും. അല്ലെങ്കിൽ ഒരു താൽക്കാലിക വികാരത്തിന് വിധേയമായിട്ടായിരിക്കും. ഇതൊന്നും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ആയിരിക്കുകയില്ല. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവർ ഈ ബാഹ്യമായ കാര്യങ്ങളിൽനിന്ന് വളരെ അകലത്തായിരിക്കും. ലൗകികരുടെ വികാരപരമായ അവസ്ഥയെക്കുറിച്ച് അല്ലെങ്കിൽ താൽക്കാലികമായ നിലയിലുള്ള വിലാപങ്ങൾ പ്രകടിപ്പിക്കുന്നവരെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിടത്ത് പറയുന്നു: "അത്തരം ഒരുപാട് ഫക്കീർമാരെ ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. അപ്രകാരംതന്നെ മറ്റു ചിലരേയും കാണാൻ കഴിഞ്ഞിട്ടുണ്ട്. ഏതെങ്കിലും വിലാപ കവിതകൾ ചൊല്ലുമ്പോൾ, വേദനാജനകമായ ദൃശ്യങ്ങൾ കാണുമ്പോൾ, വേദനതിങ്ങുന്ന കഥകൾ കേൾക്കുമ്പോൾ ചില കാർമേഘങ്ങൾ വേഗം വരികയും വെളിയിലുറങ്ങുന്നവരുടെ ബിസ്തറുകൾപോലും എടുത്തു ഉള്ളിൽകൊണ്ടുപോകാൻ ഇടനല്കാത്തവിധം പെട്ടെന്ന് അതിന്റെ തടിച്ച മഴത്തുള്ളികൾ വർഷിക്കുയും ചെയ്യുന്നതുപോലെ അവരുടെ കണ്ണീർ വീഴാൻ തുടങ്ങുന്നു. (അതായത് പെട്ടെന്ന് മഴ വരുന്നതുപോലെ അവരുടെ കണ്ണീർ പെട്ടെന്ന് ഒഴുകിത്തുടങ്ങുന്നു. പറഞ്ഞു:) പക്ഷേ, ഞാൻ എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുകയാണ്, അവരിൽ അധികംപേരേയും ഞാൻ വലിയ വഞ്ചകരും എന്നല്ല ലൗകികരെക്കാൾ അതിരുകടന്നവരുമായിട്ടാണ് കണ്ടിട്ടുള്ളത്. ചിലരെ ഞാൻ വൃത്തികെട്ട സ്വഭാവക്കാരും വിശ്വാസവഞ്ചകരും എല്ലാ രീതിയിലും തെമ്മാടികളുമായിട്ട് കണ്ടിരിക്കുന്നു. അതായത് എനിക്കവരുടെ വിലാപശീലവും വിനയത്തിന്റേയും അനുസരണത്തിന്റേയും സ്വഭാവം കണ്ടിട്ട് ഏതെങ്കിലും മജലിസിൽ അത്തരം വിലാപവും സങ്കടവും വേദനയും പ്രകടിപ്പിക്കുന്നതുതന്നെ വെറുപ്പായിതോന്നുന്നു.

അതിനാൽ അത്തരക്കാരുമുണ്ട്. ചില ദൃശ്യങ്ങൾ കണ്ട് കണ്ണീർ വീഴാൻ അവർക്ക് താമസമുണ്ടാകാറില്ല. പക്ഷേ, ഇത് താൽക്കാലിക വികാരമാണ്. സ്വാർഥകാര്യങ്ങളാണെങ്കിൽ ഈ അവസ്ഥ ഉണ്ടാകുകയില്ല. ആ വ്യക്തിയിൽ ഒരിക്കലും ഈ അവസ്ഥ ഉണ്ടാകുകയില്ല. ഒരു അവസ്ഥയെ ഒരു നേരത്ത് കാണുമ്പോൾ, അവിടെ വികാരങ്ങൾ ഇല്ലെങ്കിൽ, സ്വാർഥപരമായ നേട്ടങ്ങളൊന്നുമില്ലെങ്കിൽ ആ അവസ്ഥ ഉണ്ടാകാനിടയുണ്ട്. എന്നാൽ, സ്വാർഥപരമായ നേട്ടങ്ങളുണ്ടെങ്കിൽ അവൻ അക്രമവും ചെയ്തുകളയും. ഒരിക്കലും ദയയുണ്ടാകുകയില്ല. അല്ലെങ്കിൽ അല്ലാഹുവിന് അനിഷ്ടകരമായ ചില തിന്മകൾ ഉണ്ടാകുന്നു. അല്ലെങ്കിൽ അവരുടെ നമസ്കാരങ്ങളും ആരാധനകളും വെറും കാണിക്കുന്നതിനുവേണ്ടിയുള്ളതായിരിക്കും. അല്ലാഹു ഇവിടെ സുദൃഢമായ വിജയത്തിന്റെ ജാമ്യം നല്കിയിട്ടുള്ളത് അവന്റെ റഹീമിയത്തിൽ നിന്ന് അനുഗ്രഹം പ്രാപിക്കാൻ ശ്രമിക്കുന്ന മുഅ്മിനീംകൾക്കാണ്. അതിന്റെ ആദ്യത്തെ നിബന്ധന നമസ്കാരങ്ങളിലും ആരാധനകളിലുമുള്ള വിനയമാണ്. അല്ലാഹുവിന് മാത്രമായി വിനയം കാണിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ വിഷയം വിവരിച്ചുകൊണ്ട് മുഅ്മിന്റെ ഈ അവസ്ഥയെ മനുഷ്യസൃഷ്ടിപ്പിന്റെ വിവിധ ഘട്ടങ്ങളോടു ഉപമിച്ചുകൊണ്ട് വിവരിച്ചിരിക്കുന്നു. അതിന്റെ ആദ്യഭാഗം മാത്രം അതായത് **അല്ലദീനഹും ഫീ സ്വലാത്തിഹിം ഖാശിഊൻ** എന്ന ഭാഗം ഞാൻ സമർപിക്കുകയാണ്. ഇതിൽനിന്ന് അല്ലാഹുവിന്റെ വിശേഷ ഗുണമായ റഹീമിയ്യത്തുമായി മനുഷ്യൻ അള്ളിപ്പിടിച്ചിരിക്കാൻ ശ്രമിക്കാത്തിടത്തോളം അല്ലെങ്കിൽ അത് കരസ്ഥമാക്കാൻ ശ്രമിക്കാത്തിടത്തോളം ഒരു നന്മയും നന്മയായിട്ടിരിക്കുകയില്ലെന്നും ഒരു ഒരാരാധനയും ആരാധനയായിട്ടിരിക്കുകയില്ലെന്നും വ്യക്തമാകുന്നുണ്ട്. സ്വന്തം ആരാധനകളെ അല്ലാഹുവുമായി അള്ളിപ്പിടിച്ചിരിക്കാനുള്ള ഒരു ശ്രമമായി മാത്രം മനസ്സിലാക്കുക. അല്ലാഹുവിന്റെ ഫള്ല് മുഖേന മാത്രമെ അവനുമായി ബന്ധപ്പെട്ടിരിക്കാൻ സാധിക്കുകയുള്ളു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "മുഅ്മിന്റെ ആത്മീയാസ്തിത്വത്തിന്റെ ആദ്യത്തെ നില വിനയത്തിന്റേയും തേങ്ങലിന്റേയും നീറ്റലിന്റേയും അലിവിന്റേയും അവസ്ഥയാണ്. അത് നമസ്കാരത്തിലും ദൈവസ്മരണയിലും മുഅ്മിന് കൈവരുന്നു. അതായത് അലിവും തേങ്ങലും എളിമയും ദൈന്യതയും വണക്കവും ആത്മാവിന്റെ നമ്രതയും ഒരു തിളപ്പും ശോകാവസ്ഥയും സ്വന്തം ഉള്ളിൽ ഉണ്ടാക്കുക. ഒരു ഭയാവസ്ഥ സ്വയം ഉൽക്കൊണ്ടുകൊണ്ട് പ്രതാപവാനായ അല്ലാഹുവിലേക്ക് മനസ്സിനെ കുനിപ്പിക്കുക.

**ഖദ് അഫ്‌ലഹൽ മുഅ്മിനൂൻ അല്ലദീനഹും ഫീ സ്വലാത്തിഹിം ഖാശിഊൻ** എന്ന ആയത്തിൽ പറഞ്ഞതുപോലെ. അതായത് തന്റെ നമസ്കാരത്തിലും എല്ലാതരത്തിലുള്ള ദൈവസ്മരണയിലും(നമസ്കാരത്തിൽ മാത്രമല്ല പ്രത്യുത എല്ലാ തരത്തിലുള്ള ദൈവസ്മരണയിലും)വിനയവും താഴ്മയും നമ്രതയും കൈവരിക്കുന്നു. അലിവും ചൂടും നമ്രഭാവവും സങ്കടവും ഹൃദയാവേശവുംകൊണ്ട് തന്റെ രക്ഷിതാവിന്റെ സ്മരണയിൽ മുഴുകിയിരിക്കുന്നു.” ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:“വിശുദ്ധ ഖുർആനിൽ ചിന്തിക്കുന്നവർ മനസ്സിലാക്കുക, നമസ്കാരത്തിലെ വിനയാവസ്ഥ ആത്മീയാസ്തിത്വത്തിന് ഒരു ബീജമാണ്. ബീജത്തെപ്പോലെ ആത്മീയമായ നിലയിൽ സമ്പൂർണ മനുഷ്യന്റെ എല്ലാ ശക്തികളും വിശേഷ ഗുണങ്ങളും എല്ലാ കൊത്തുപണികളും അതിൽ നിഗൂഢമായിരിക്കുന്നു.”ഇവിടെ ഞാൻ പറഞ്ഞിരുന്നതുപോലെ മനുഷ്യ സൃഷ്ടിപ്പുകളുടെ ഘട്ടങ്ങളോട് ഉദാഹരിച്ചിരിക്കുകയാണ്. ഇപ്പോൾ അതിന്റെ ഉദാഹരണം വിവരിക്കപ്പെടുകയാണ്. “ഏതുപോലെ ബീജം ഗർഭപാത്രത്തിലെത്തി കുട്ടിയായി പുറത്തുവരുന്നുവോ പിന്നീട് എല്ലാ പ്രത്യേകതകളോടും കൂടി പൂർണമനുഷ്യനായിത്തീരുന്നുവോ അതുപോലെ വിനയം ആത്മീയാഭിവൃദ്ധിയുടെ ഘട്ടങ്ങളെ തരണം ചെയ്യിച്ച് ആത്മീയമായ നിലയിൽ മനുഷ്യനെ പൂർണനാക്കുന്നു.”വീണ്ടും അവിടന്നു പറയുന്നു:“ബീജം ഗർഭപാത്രവുമായി ബന്ധം പിടിക്കാത്തിടത്തോളം അപകടത്തിലാണുള്ളത്. ഗർഭപാത്രത്തിൽ ചെന്ന് പതിക്കാത്തിടത്തോളം പാഴായിപ്പോകുമോ എന്ന ആശങ്കയുണ്ടാകുന്നു. അവിടെയാണ് അല്ലാഹുവിന്റെ പ്രകൃതിനിയമമനുസരിച്ച് അതിന്റെ മുന്നോട്ടുള്ള വളർച്ച ഉണ്ടാവേണ്ടത്. അപ്രകാരംതന്നെയാണ് ആത്മീയാസ്തിത്വത്തിന്റെ ഈ പ്രാരംഭാവസ്ഥ. അതായത് വിനയാവസ്ഥ റഹീമായ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാത്തിടത്തോളം അപകടങ്ങളിൽനിന്ന് മുക്തമല്ല. ഓർക്കുക! അല്ലാഹുവിന്റെ കൃപാവരം ഒരു മധ്യവർത്തിയുമില്ലാത്ത ഏതെങ്കിലും പ്രവർത്തന ഫലമാണെങ്കിൽ അത് റഹ്മാനിയ്യത്ത് എന്ന സിഫത്തിൽ നിന്നുള്ളതാണ്. ഏതുപോലെയെന്നാൽ അല്ലാഹു ഭൂമിയും ആകാശവും മറ്റുള്ളവയും മനുഷ്യനുവേണ്ടി സൃഷ്ടിച്ചുവോ അല്ലെങ്കിൽ മനുഷ്യനെത്തന്നെ സൃഷ്ടിച്ചുവോ ഇവയെല്ലാം റഹ്മാനിയ്യത്തിന്റെ കൃപാവരത്താലാണ് നിലവിൽവന്നത്. പക്ഷേ, ഏതെങ്കിലും അനുഗ്രഹം ഏതെങ്കിലും കർമത്തിനും ആരാധനയ്ക്കും കഠിനാധ്വാനത്തിനും പരിശീലനത്തിനും പകരമായിട്ട് നിലവിൽ വന്നിട്ടുള്ളതാണെങ്കിൽ അത് റഹീമിയ്യത്തിന്റെ അനുഗ്രഹം എന്ന് പറയപ്പെടുന്നു.” പറഞ്ഞു: “അല്ലാഹുവിന്റെ ഈ നടപടിക്രമമാണ് മനുഷ്യർക്കായി നടന്നു വരുന്നത്. മനുഷ്യൻ നമസ്ക്കാരത്തിലും ദൈവസ്മരണയിലും വിനയാവസ്ഥ അവലംബിക്കുമ്പോൾ തന്നെ സ്വയം റഹീമിയ്യത്തിന്റെ അനുഗ്രഹപ്രാപ്തിക്ക് കഴിവുള്ളവനാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ബീജത്തിലും ആത്മീയാസ്തിത്വത്തിന്റെ ആദ്യഘട്ടത്തിലുമുള്ള വിനയത്തിന്റെ വ്യത്യാസം ബീജം ഗർഭപാത്രത്തിന്റെ ആകർഷണം ആശ്രയിക്കുന്നു. ഇതിനാണെങ്കിൽ റഹീമായ അല്ലാഹുവിന്റെ അതായത് റഹീമിന്റെ ആകർഷണം ആവശ്യമാണ്. ഗർഭപാത്രത്തിന്റെ ആകർഷണത്തിനുമുമ്പേ ബീജം നഷ്ടപ്പെട്ടുപോകാൻ സാധ്യതയുണ്ട്. അപ്രകാരംതന്നെ ആത്മീയാസ്തിത്വത്തിന്റെ ആദ്യഘട്ടവും അതായത് വിനയാവസ്ഥയും റഹീമിന്റെ ആകർഷണത്തിനും ബന്ധത്തിനുംമുമ്പേതന്നെ നാശമടയാൻ സാധ്യതയുണ്ട്. പ്രകടനാത്മകമായ ചില ഇബാദത്തുകൾ അല്ലാഹുവിനോട്, റഹീമായ അല്ലാഹുവിനോട് ബന്ധം സ്ഥാപിക്കുന്നതിനു മുമ്പേ തന്നെ നശിപ്പിച്ചുകളയുന്നു.” ഈ ഉദാഹരണമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നല്കിയിട്ടുള്ളത്. ബാഹ്യമായ നിലയിൽ എപ്പോഴാണ് ഒരു ഫെർട്ടിലൈസേഷൻ നടക്കുന്നതെന്നും കുട്ടിജനിക്കുന്നതെന്നും കുട്ടിയാകാൻ ആരംഭിക്കുന്നതെന്നും അറിയാത്തതുപോലെ റഹീമായ അല്ലാഹുവിന്റെ റഹീമിയ്യത്ത് (കാരുണ്യവാനായ അല്ലാഹുവിന്റെ കാരുണികത)എപ്പോഴാണ് അത് സ്വീകരിച്ച് ഫലം പിടിപ്പിക്കുന്നതെന്ന് മനുഷ്യന് അറിയുകയില്ല. അതുകൊണ്ട് തുടർച്ചയായ ഒരു ശ്രമത്തിന്റെ ആവശ്യമുണ്ട്.

എപ്രകാരം ഗർഭപാത്രത്തിൽച്ചെന്ന് ബീജം നഷ്ടപ്പെടാൻ ഇടയാകുന്നുവോ അപ്രകാരം ചില ഘട്ടങ്ങളിൽ മനുഷ്യന്റെ ഒരു പ്രാവശ്യത്തെ വിനയം അവന് ഫലം പിടിപ്പിച്ചുനല്കിയാൽതന്നെയും അല്ലെങ്കിൽ ഫലം പിടിപ്പിച്ചാലും പിന്നീട് അതിൽ ചില ഘട്ടങ്ങളിൽ ഖന്നാസ് ജനിക്കുന്നതാണ്. തന്റെ വലുപ്പത്തരം ഉണ്ടാകുന്നതാണ്; നബിമാരെ വിശ്വസിച്ച് പിന്നീട് ഉപേക്ഷിക്കുന്നവരുടെ അവസ്ഥപോലെ. ഈ വലുപ്പത്തരവും അഹങ്കാരവുംതന്നെയാണ് പിന്നീട് അവരെ ആനന്മകളിൽനിന്ന് വിടുവിപ്പിച്ചു കളയുന്നത്. അല്ലാഹുവിന്റെ നബിമാരുമായി ബന്ധമുണ്ടായിരിക്കുന്നതുവരെ അല്ലാഹുവുമായിട്ടുള്ള അവരുടെ ബന്ധം നിലനില്ക്കുന്നു. എവിടെയാണോ ആ ബന്ധം ഉപേക്ഷിക്കുന്നത് അവിടെ നിന്ദ്യതയുടേയും വഴികേടിന്റേയും കിണറുകളിൽവീണു. അതുകൊണ്ട് എപ്പോഴും അല്ലാഹുവിനോടുള്ള ഭയം മുമ്പിലുണ്ടാവേണ്ടതാണ്. അവന്റെ കാരുണികത(റഹീമിയ്യത്ത്)കരസ്ഥമാക്കുന്നതിനുവേണ്ടി ശ്രമം ഉണ്ടായിരിക്കേണ്ടതാണ്. അവന്റെ അനുഗ്രഹങ്ങൾ തേടിക്കൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവുമായിട്ടുള്ള യഥാർഥബന്ധമുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. അല്പമാത്രമായ പരിശ്രമങ്ങളിലോ ഒന്നോ അരയോ ദുആ സ്വീകരിക്കപ്പെട്ടതിലോ സത്യമായ സ്വപ്നങ്ങൾ കണ്ടതിലോ അഹങ്കരിക്കരുത്. നിങ്ങളുടെ ഒന്നോ അരയോ ദുആ സ്വീകരിക്കപ്പെട്ടതുകൊണ്ടോ കുറച്ച് സത്യമായ സ്വപ്നങ്ങൾ കണ്ടതുകൊണ്ടോ നിങ്ങളെ വിജയം വരിച്ചവരിൽ ഉൾപ്പെടുത്തുമെന്ന് അല്ലാഹു ഒരിടത്തും പറഞ്ഞിട്ടില്ല. അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവരും വിജയിക്കുന്നവരും തങ്ങളുടെ വിനയത്തിന്റെ പാരമ്യതയിലെത്തിയിട്ടും, അവർ വ്യർഥമായ കാര്യങ്ങളിൽനിന്ന് വിട്ടുനിന്നിട്ടും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചിട്ടും തങ്ങളുടെ ചാരിത്രം കാത്തുസൂക്ഷിച്ചിട്ടും തങ്ങളുടെ പ്രതിജ്ഞകൾ നിറവേറ്റിയിട്ടും തങ്ങളുടെ ആരാധനകളോടുള്ള കടമ നിറവേറ്റിയിട്ടും തങ്ങളുടെ നമസ്കാരങ്ങളോടുള്ള കടമ നിറവേറ്റിയിട്ടും അവ സംരക്ഷിച്ചിട്ടും പറയുന്നത്, ‘അല്ലാഹുവേ!ഞങ്ങളെ നിന്റെ അനുഗ്രഹങ്ങളുടെ ചാദുർ മൂടിപ്പുതപ്പിച്ചാലും എന്നാണ്. അതില്ലെങ്കിൽ ഞങ്ങൾക്കൊരു പ്രസക്തിയുമില്ല.’ അതുകൊണ്ട് അല്ലാഹുവിന്റെ ഫള്ലൊന്നുമാത്രമാണ് അവന്റെ റഹീമിയ്യത്ത് ആകർഷിച്ചെ

ടുക്കുന്നതിന് മനുഷ്യൻ ചെയ്യുന്ന തുടർച്ചയായ ശ്രമത്തിന് സ്വീകാര്യതയുടെ പദവി നല്കുന്നത്. അതായത് റഹീമിയ്യത്ത് ആകർഷിച്ചെടുക്കുന്നതിന് ചെയ്യുന്ന പരിശ്രമം തുടർച്ചയായിട്ടുണ്ടാവണം. അപ്പോഴാണ് അല്ലാഹുവിന്റെ ഫള്ല് കരസ്ഥമാകുന്നത്. അല്ലാഹുവിന്റെ ഫള്ല് കാരണത്താലാണ് മനുഷ്യൻ സ്വീകരിക്കപ്പെടുന്നത്. അതിന്റെ പര്യവസാനം നല്ലതായിരിക്കും.

ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ റഹീമിയ്യത്ത് ആകർഷിച്ചെടുത്തുകൊണ്ട് നമ്മുടെ ഓരോ കർമങ്ങളിൽനിന്നും എല്ലാ തരത്തിലും സമ്പൂർണനായ കുട്ടി പിറക്കുന്നതിനുവേണ്ടി നമ്മൾ നമ്മുടെ പര്യവസാനത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ആരാധനാകർമങ്ങളിൽ അഭിവൃദ്ധിപ്പെട്ടുപോകുന്നവരിൽ നമ്മൾ ഉൾപ്പെടുമാറാകട്ടെ. അങ്ങനെ വിനയവും വർധിച്ചുകൊണ്ടുപോകുമാറാകട്ടെ. അവരുടെ താഴ്മയും വണക്കവും വർധിച്ചുകൊണ്ടിരിക്കുമാറാകട്ടെ. നബി(സ)തിരുമേനിയുടെ ആരാധനകളുടെ മനോഹാരിതയേയും വിനയത്തേയും സംബന്ധിച്ച് നമുക്ക് സങ്കല്പിക്കാൻ കൂടി സാധിക്കുകയില്ല. ആ മഹാത്മാവും പറയുന്നു: 'ഞാനും സ്വർഗത്തിൽ അല്ലഹുവിന്റെ ഫള്ലുകൊണ്ടേ പോകുകയുള്ളു.' ഇങ്ങനെ വരുമ്പോൾ വേറെ ആരുടെയെങ്കിലും കേവലകർമം അവനെ എങ്ങനെ സ്വർഗത്തിൽ കൊണ്ടുപോകാനാണ്? അല്ലെങ്കിൽ അല്ലാഹു അതിൽ തൃപ്തനാകുമോ? നബി(സ)തിരുമേനി ഇക്കാര്യങ്ങളൊക്കെ ഉണ്ടായിരുന്നിട്ടും -അല്ലാഹു ആ മഹാത്മാവിന് ജാമ്യം നല്കിയിരുന്നു, അദ്ദേഹം ആളുകളെ പരിഷ്കരിക്കണമായിരുന്നു, അതിനുവേണ്ടിയാണ് വന്നിരുന്നത് ആ മഹാത്മാവിന്റെ കർമംപോലെ മറ്റാരുടേയും കർമം ആകുകയില്ല- ആ മഹാത്മാവും തന്റെ വിനയവും വണക്കവും എത്രമാത്രം വർധിപ്പിക്കുന്നുവെന്നാൽ, നഫ്ൽ നമസ്കരിക്കുമ്പോൾ കാല് നീരുവന്ന് വീർക്കുന്നതുപോലും അറിയുന്നില്ല. അതുകൊണ്ട് അല്ലാഹുവിന്റെ ഫള്ലിനെ ആകർഷിച്ചെടുക്കുന്നതിന് തുടർച്ചയായ വിനയവും അല്ലാഹുവിനോടുള്ള ഭയവും ഓരോരുത്തരും മുമ്പിൽവെക്കേണ്ടതാണ്. യഥാർഥ മുഅ്മിനീംകളുടെ നമസ്കാരം ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും തമ്മിൽ വ്യക്തമായ വ്യത്യാസം ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. നമസ്കാരം ആരംഭിക്കുന്നതിന് മുമ്പേ അതിൽ വല്ല അഹങ്കാരത്തിന്റേയോ സ്വാർഥതയുടേയോ ഭാഗമുണ്ടെങ്കിൽ നമസ്കാരം അവസാനിപ്പിക്കുന്ന നേരത്ത് അവന്റെ ഹൃദയം അക്കാര്യങ്ങളിൽനിന്ന് പരിശുദ്ധമാകേണ്ടതാണ്. ഇപ്രകാരംതന്നെയാണ് മറ്റു ആരാധനകളും. ഓരോ ആരാധനയുടേയും അവസാനം അവന്റെ അഹങ്കാരത്തിന്റെ അവസാനവും വിനയം കൈക്കൊള്ളുന്നതുമായിരിക്കട്ടെ. തങ്ങളുടെ നിത്യജീവിതത്തിലെ കാര്യങ്ങളിൽ പരസ്പരമുള്ള പെരുമാറ്റം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് മനസ്സിൽ വിനയത്തിന്റെ അവസ്ഥ എടുത്തിട്ടുള്ളതായിരിക്കണം. അതുകൊണ്ട് അല്ലാഹുവിന്റെ റഹീമിയ്യത്തിനെ എപ്പോഴും ആർദ്രവും ആരോഗ്യമുള്ളതും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നതാക്കി നിറുത്താൻ ആരാധനകൾ നമ്മെ നമ്രശിരസ്കരാക്കിക്കൊണ്ടു പോകേണ്ടതാണ്. ഓരോ ദിവസവും നമുക്ക് നമ്മുടെ ബലഹീനതകളെ അടയാളപ്പെടുത്തിക്കൊണ്ട് അല്ലാഹുവിന്റെ ഫള്ലിനെ വർധിപ്പിക്കുന്നവരാക്കട്ടെ. അല്ലാഹു എപ്പോഴും നമ്മെ ഇസ്തിഗ്ഫാർ ചെയ്യുന്നവരാക്കുമാറാകട്ടെ.നമ്മുടെ ഓരോ നന്മയും അല്ലാഹുവിന്റെ ദൃഷ്ടിയിൽ നന്മയാണെങ്കിൽ അല്ലാഹുവിന്റെ ഫള്ലിനെ കരസ്ഥമാക്കാനുള്ള മാർഗമാക്കട്ടെ. നമ്മളിൽ ഓരോരുത്തരും അല്ലാഹുവിന്റെ ദൃഷ്ടിയിൽ വിജയം പ്രാപിക്കുന്നവരിൽ ഉൾപ്പെടുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 10.04.15
Malayalam Translation : Mau.Zafar Ahmad, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala